കേരള സാഹിത്യ അക്കാദമി
പി.ബി.നമ്പർ 501, ടൗൺ ഹാൾ റോഡ്, തൃശൂർ 680020, ഫോൺ&ഫാക്സ് 0487 2331069, 2331103
ഇ.മെയിൽ: keralasahityaakademi@gmail.com വെബ്സൈറ്റ്: www keralasahityaakademi.org

# വാൽമീകി രാമായണം: കലിയുഗ പാരായണം പ്രകാശനം ചെയ്തു

ഡോ. സി.എൻ. പരമേശ്വരൻ വാൽമീകി രാമായണത്തെ ആധാരമാക്കി രചിച്ച് സാഹിത്യ അക്കാദമി പ്രസിദ്ധീകരിച്ച വാൽമീകി രാമായണം: കലിയുഗ പാരായണം 26.08.2019-ന് വൈലോപ്പിള്ളി ഹാളിൽ നടന്ന ചടങ്ങിൽ ഡോ. എസ്. കെ. വസന്തൻ പ്രകാശനം ചെയ്തു. സിസ്റ്റർ ജെസ്മി ആദ്യപ്രതി സ്വീകരിച്ചു. സാഹിത്യ അക്കാദമി സെക്രട്ടറി ഡോ. കെ.പി. മോഹനൻ ചടങ്ങിൽ അധ്യക്ഷനായിരുന്നു. പ്രൊഫ. എം. ഹരിദാസ് പുസ്തകപരിചയം നടത്തി. ഡോ. കാവുമ്പായി ബാലകൃഷ്ണൻ, ഡോ. ഇ. ദിവാകരൻ, ജോസ് മുണ്ടശ്ശേരി, കെ.എസ്. സുനിൽകുമാർ എന്നിവർ സംസാരിച്ചു.

വാൽമീകി രാമായണത്തെ പുതിയൊരു വെളിച്ചത്തിൽ വിശകലനം ചെയ്യുന്ന അപഗ്രഥന ഗ്രന്ഥമാണ് കലിയുഗപാരായണം. രാമായണപാഠത്തെ താത്വികവും ദാർശനികവുമായ ആഴമേറിയ പഠനത്തിന് വിധേയമാക്കുകയാണ് ശാസ്ത്രസാഹിത്യകാരനെന്ന നിലയിൽ ലബ്ധപ്രതിഷ്ഠ നേടിയ ഡോ. സി.എൻ. പരമേശ്വരൻ. കോപ്പികൾ സാഹിത്യ അക്കാദമി പുസ്തകശാലയിൽ ലഭിക്കും.



വൈലോപ്പിള്ളി ഹാൾ
വാല്മീകി